പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *109 | 07.06.2018-ൽ മറുപടിയ്ക്ക്

# റോഡുകളിലെ അപകടകരമായ വളവുകൾ നിവർത്തുന്നതിന് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.സി.ജോർജ് | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ റോഡുകളിലെ അപകടകരമായ വളവുകൾ നിവർത്തുന്നതിന് എന്തെങ്കിലും പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) സംസ്ഥാനത്തെ പൊതുമരാമത്ത് വിഭാഗത്തിന്റെ കീഴിലെ റോഡുകളിലെ അപകടകരമായ വളവുകൾ നിവർത്തുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ പുതുതായി നിർമ്മിക്കുന്ന റോഡുകളിൽ IRC Standard അനുസരിച്ചാണ് റോഡുകൾ നിർമ്മിച്ചുവരുന്നത്. ആയതിനാൽ ഇത്തരം റോഡുകളിൽ അപകടകരമായ വളവുകൾ ഒഴിവാകുന്നുണ്ട് ദേശീയപാതാ 66 (പഴയ എൻ.എച്ച് 47) നാലുവരിപ്പാതയാക്കുന്നതിനുള്ള നടപടികൾ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ നടത്തി വരികയാണ്. ടി പ്രവൃത്തികൾ ഇന്ത്യൻ റോഡ് കോൺഗ്രസ്സ് മാനദണ്ഡങ്ങൾ അനുസരിച്ച് നടപ്പിലാക്കുമ്പോൾ അപകടകരമായ വളവുകൾ നിവർക്കപ്പെടുന്നതാണ്. കൂടാതെ പൊതുമരാമത്ത് ദേശീയപാതാ വിഭാഗത്തിന്റെ പരിധിയിൽ വരുന്ന മറ്റ് റോഡുകളിൽ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽ എംപാനൽഡ് ചെയ്തിരിക്കുന്ന കൺസൾട്ടൻസ് മുഖേന റോഡ് സേഫ്റ്റി ഓഡിറ്റ് നടത്തുകയും |

| | |
|---|---|
| | അപകട സാദ്ധ്യതയുള്ള റോഡുകളുടെ വളവുകൾ നിവർത്തിയെടുക്കുന്നതിനായി ഭൂമി ഏറ്റെടുക്കൽ നടത്താറുമുണ്ട്. പ്രസ്തുത പ്രവൃത്തികൾ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ റോഡ് സേഫ്റ്റി വർക്കുകളിൽ ഉൾപ്പെടുത്തിയാണ് വളവുകൾ നിവർത്താനാവശ്യമായ നടപടികൾ സ്വീകരിക്കുന്നത്. ലോക ബാങ്കിന്റെ ധനസഹായത്തോടുകൂടിയുള്ള റോഡ് വികസന പദ്ധതികളാണ് കെ.എസ്.റ്റി.പിയിൽ നടപ്പിലാക്കി കൊണ്ടിരിക്കുന്നത്. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെത്തിയിട്ടുള്ള തിരഞ്ഞെടുക്കപ്പെട്ട റോഡ് പ്രവൃത്തികളിൽ വളവുകൾ നിവർത്തുന്നത് ഉൾപ്പെടെയുള്ള പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. വളവുകൾ നിവർത്തുന്നതിനായി മാത്രം പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. |
| **(ബി)** വളവുകൾ നിവർത്തുന്നതിന് സൗജന്യമായി സ്ഥലം വിട്ടുനൽകുന്ന വ്യക്തികൾക്ക് പകരം സ്ഥലം നൽകുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | **(ബി)** പൊതുമരാമത്ത് വകുപ്പ് റോഡ് നിർമ്മാണത്തിനായി ഏറ്റെടുക്കുന്ന ഭൂമിക്ക് പകരമായി സ്ഥലം നൽകുന്ന പദ്ധതി നിലവിലില്ല എന്നാൽ എവിടെയെങ്കിലും PWD സ്ഥലം ആവശ്യമില്ലാതെ ഉണ്ടെന്ന് കണ്ടാൽ അത് നൽകുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ